സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 60 ലക്കം: 03 2025 മാർച്ച് 05 ബുധൻ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

ബാലനീതി നിയമത്തിൽ മാറ്റം വേണം, തന്റെ അവസ്ഥ മറ്റൊരാൾക്കും ഉണ്ടാകരുത്:ഷഹബാസിന്റെ പിതാവ്

മലപ്പുറം: ഷഹബാസിന്റെ കൊലപാതകത്തിൽ കൂടുതൽ പേർക്ക് പങ്കുണ്ടെന്ന് സംശയിക്കുന്നതായി പിതാവ് ഇക്ബാൽ. നിലവിലെ അന്വേഷണത്തിൽ തൃപ്തിയുണ്ട്. കുറ്റക്കാരായ മുഴുവൻ ആളുകളെയും പോലീസ് കണ്ടെത്തുമെന്നാണ് പ്രതീക്ഷ. പ്രായപൂർത്തിയാകാത്തവരാണ് കുറ്റകൃത്യത്തിൽ പങ്കാളികളായത് എന്നതുകൊണ്ട് ശിക്ഷയിൽ കുറവുണ്ടാവരുത്. ബാലനീതി നിയമപ്രകാരമുള്ള പ്രായം 15 ആയി കുറയ്ക്കണം. രാഷ്ട്രീയമോ മതമോ നോക്കാതെ കുറ്റം ചെയ്തവരെ സമൂഹത്തിന് മുന്നിൽ കൊണ്ടുവന്ന് മാതൃകാപരമായ ശിക്ഷ വാങ്ങിക്കൊടുക്കണം. തന്റെ അവസ്ഥ ഇനി ഒരു പിതാവിനും ഒരു കുടുംബത്തിനും ഉണ്ടാവരുത് എന്നും ഇക്ബാൽ പറഞ്ഞു.

സി.പി.എമ്മാണ് ബി.ജെ.പിയോട് വിട്ടുവീഴ്ച്ച ചെയ്തത്, കോൺഗ്രസല്ല; പിണറായിക്ക് മറുപടിയുമായി സതീശൻ

തിരു : ബി.ജെ.പിയുമായി വിട്ടുവീഴ്ച ചെയ്ത ഏക ബി.ജെ.പി. ഇതര പാർട്ടി മുഖ്യമന്ത്രി പിണറായി വിജയന്റെ പാർട്ടിയായ സി.പി.എം. ആണെന്ന് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ. ദേശാഭിമാനിയിൽ പ്രസിദ്ധീകരിച്ച പിണറായി വിജയന്റെ ലേഖനത്തിലെ ആരോപണങ്ങളോട് വാർത്താസമ്മേളനത്തിൽ പ്രതികരിക്കുകയായിരുന്നു അദ്ദേഹം.

ദേശീയ തലത്തിൽ ബി.ജെ.പിയെ അതിശക്തമായി നേരിടുന്നത് കോൺഗ്രസാണ്. സംഘപരിവാറുമായി വിട്ടുവീഴ്ച യില്ലാത്ത നിലപാട് സ്വീകരിച്ചുകൊണ്ട് മുന്നോട്ട് പോവുന്നത് രാഹുൽ ഗാന്ധിയാണ്. എവിടെയാണ് അദ്ദേഹം വിട്ടുവീഴ്ച ചെയ്തത് ? എവിടെയാണ് ബി.ജെ.പിയുമായി കോൺ ഗ്രസ് വിട്ടുവീഴ്ച ചെയ്തത്?

'ബി.ജെ.പിയുമായി വിട്ടുവീഴ്ച ചെയ്തിട്ടുള്ളത് പിണറായി വിജയന്റെ പാർട്ടിയാണ്. ഇന്ത്യയിലെ മുഴുവൻ ബി.ജെ. പി. ഇതര കക്ഷികളും നരേന്ദ്ര മോദി സർക്കാർ ഫാസിസ്റ്റ് സർക്കാരാണ് എന്ന ഉറച്ച നിലപാടെടുക്കുമ്പോൾ ബി.ജെ. പി. ഫാസിസ്റ്റ് പാർട്ടിയല്ലെന്ന നിലപാടെടുത്ത ഏക പാർട്ടി സി.പി.എമ്മാണ്. ജനറൽ സെക്രട്ടറിയായിരുന്ന സീതാറാം യെച്ചൂരിയുടെ നിലപാട് തള്ളി ബി.ജെ.പി. ഫാസിസ്റ്റ് പാർട്ടിയല്ല എന്ന നിലപാട് എടുത്തത് സി.പി.എമ്മാണ്. എന്നിട്ടാണ് ഞങ്ങൾക്ക് ക്ലാസെടുക്കുന്നത്.–സതീശൻ പറഞ്ഞു.

ബി.ജെ.പി.യെ എതിർക്കുന്ന പ്രതിപക്ഷ പാർട്ടികളോട് കോൺഗ്രസ് സ്വീകരിക്കുന്നത് ധാർഷ്ഠ്യം നിറഞ്ഞ സമീപനമാണെന്നായിരുന്നു പിണറായി വിജയന്റെ ലേഖനത്തിലെ പ്രധാന വിമർശനം. മതനിരപേക്ഷതയുടെ പക്ഷത്തുനിൽക്കുന്ന ഇടതുപക്ഷത്തെ തോൽപ്പിക്കാൻ ഒളിഞ്ഞും തെളിഞ്ഞും വർഗീയശക്തികളുമായി സഖ്യമുണ്ടാക്കാൻ കോൺഗ്രസ് മടിച്ചിട്ടില്ലെന്നും അവരെ മതന്യൂനപക്ഷങ്ങളും ജനാധിപത്യവാദികളും മതനിരപേക്ഷതയിൽ ഉറച്ചു വിശ്വസിക്കുന്ന നാനാജാതി മതസ്ഥരും എങ്ങനെ വിശ്വസിക്കുമെന്നും പിണറായി വിജയൻ ചോദിച്ചു.

ഡൽഹിയിലും ഹരിയാനയിലും ബി.ജെ.പിയുടെ ജയം ഉറപ്പാക്കിയ കോൺഗ്രസിനെ യഥാർഥ മതനിരപേക്ഷ പാർട്ടികൾക്ക് വിശ്വസിക്കാനാകുമോയെന്ന് മുസ്ലിം ലീഗ് ഉൾപ്പെടെയുള്ള പാർട്ടികൾ ആലോചിക്കണമെന്നും മുഖ്യമന്ത്രിഎഴുതിയിരുന്നു.

സ്റ്റാർട്ടപ്പുകളുടെ വളർച്ചാ റിപ്പോർട്ട് പണം കൊടുത്ത് ഉണ്ടാക്കിയത്: പ്രതിപക്ഷനേതാവ്

തിരു: കേരളത്തിലെ സ്റ്റാർട്ടപ്പുകളുടെ വളർച്ചയുമായി ബന്ധപ്പെട്ട റിപ്പോർട്ട് നൽകിയത് കേരളം പണം നൽകി ഏൽപ്പിച്ച ഏജൻസിയാണെന്ന ആരോപണവുമായി പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ. സ്റ്റാർട്ട് അപ്പ് ജെനോം എന്ന സ്ഥാപനത്തിന് 2021 മുതൽ 2024 വരെ 48,000 യു.എസ്. ഡോളർ (42 ലക്ഷത്തോളം രൂപ) സർക്കാർ നൽകിയിട്ടുണ്ടെന്ന് പ്രതിപക്ഷ നേതാവ് ആരോപിക്കുന്നു.

കേരളത്തിന്റെ സ്റ്റാർട്ടപ്പ് മേഖലയിൽ അഭൂതപൂർവമായ വളർച്ചയുണ്ടായെന്ന സ്റ്റാർട്ടപ്പ് ജെനോം എന്ന സ്ഥാപനത്തിന്റെ റിപ്പോർട്ട് ഇൻവെസ്റ്റേഴ്സ് മീറ്റിലടക്കം മുഖ്യമന്ത്രി അവതരിപ്പിച്ചിട്ടുണ്ട്. ആ റിപ്പോർട്ട് വെച്ചാണ് കേരളത്തിലെ സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റം വലുതായി എന്ന് പറയുന്നത്. സ്റ്റാർട്ട് അപ്പ് ജെനോം എന്ന സ്ഥാപനത്തിന്റെ ഉപഭോക്താവാണ് കേരളത്തിന്റെ സ്റ്റാർട്ട് അപ്പ് മിഷനെന്നും സതീശൻ ആരോപിച്ചു.

2021–ൽ 13,500 യുഎസ് ഡോളർ, 2022–ൽ 4,500 യുഎസ് ഡോളർ, 2023–ൽ 15,000 യുഎസ് ഡോളർ, 2024–ൽ 15,000 യുഎസ് ഡോളർ എന്നിങ്ങനെ ആകെ 48,000 യു.എസ്. ഡോളർ ആണ് സ്റ്റാർട്ടപ്പ് ജെനോമിന് കൊടുത്തത്. ഇങ്ങനെ അങ്ങോട്ട് പണം കൊടുത്ത് ആ സ്ഥാപനത്തെ കൊണ്ട്

'അടിച്ചോ, മുഖത്തടിക്ക്'

കൽപ്പറ്റ: വയനാട് മാനന്തവാടി അഞ്ചാംമൈലിൽ സ്കൂൾ വിദ്യാർഥിയെ മർദിച്ചതായി പരാതി. ഒരു കെട്ടിടത്തിന്റെ കോണിപ്പടിക്ക് സമീപം അഞ്ച് വിദ്യാർഥികൾ ചേർന്ന് ഒരു വിദ്യാർഥിയെ മർദിക്കുന്ന ദൃശ്യങ്ങളും പുറത്തുവന്നിട്ടുണ്ട്. ദിവസങ്ങൾക്ക് മുമ്പ് നടന്ന സംഭവത്തിന്റെ ദൃശ്യങ്ങളാണ് ഇപ്പോൾ പുറത്തുവന്നിരിക്കുന്നത്. മർദിക്കുന്നത് ക്യാമറയിൽ പകർത്താൻ വിദ്യാർഥികൾ പറയുന്നത് വീഡിയോയിൽ കേൾക്കാം.

മുഖത്തടിക്കാൻ ആവശ്യപ്പെടുന്നതും കഴുത്തിന് പിടിക്കുന്നതും ദൃശ്യങ്ങളിൽ വ്യക്തമാണ്. സംഭവത്തിൽ പനമരം പോലീസ് കേസെടുത്ത് അന്വേഷിക്കുകയും ബാക്ക് ഗ്രൗണ്ട് റിപ്പോർട്ട് ജുവനൈൽ ജസ്റ്റിസ് ബോർഡിന് കൈമാറുകയും ചെയ്തിട്ടുണ്ട്.

സ്വർണവില ഒരു ലക്ഷത്തിലേക്ക്?

മുംബൈ: പുതുവർഷം ആരംഭിച്ചതോടെ ആഗോളവിപണിയിൽ സ്വർണവില റോക്കറ്റ് പോലെ കുതിക്കുകയാണ്. ഒരു ദിവസം സ്വർണവിലയിൽ ചെറിയൊരു ഇടിവുണ്ടായാൽ പോലും തൊട്ടടുത്ത ദിവസം ഇരട്ടി വർദ്ധനവാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ആഗോള വിപണിയിൽ ഉണ്ടാകുന്ന അനിശ്ചിതത്വവും ലോകബാങ്കുകൾ സുരക്ഷിത നിക്ഷേപമെന്ന രീതിയിൽ സ്വർണം വാങ്ങിക്കൂട്ടുന്നതുമാണ് വില വർദ്ധിക്കാനുള്ള പ്രധാന കാരണങ്ങൾ. 2025ൽ ഇനിയും സ്വർണവില ഉയരുമെന്ന് ലോകബാങ്കുകളും വിദഗ്ദരും പ്രവചിച്ചതോടെ 24 കാരറ്റ് സ്വർണത്തിന്റെ വില 87,000ന് മുകളിലായി. യുഎസ് ഡോളറിന്റെ മൂല്യം കുറഞ്ഞതും പ്രാദേശികമായി സ്വർണത്തിന് ആവശ്യക്കാരേറിയതും സ്വർണവില ഉയരാൻ കാരണമായിട്ടുണ്ട്.

കഴിഞ്ഞ 18 മാസത്തിനിടയിൽ സ്വർണവിലയിൽ ഞെട്ടിപ്പിക്കുന്ന മാറ്റങ്ങളാണ് സംഭവിച്ചിട്ടുള്ളത്. ഈ സൂചനകൾ പണപ്പെരുപ്പത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. വർഷത്തിന്റെ അവസാന പകുതി വരെ ഫെഡറൽ റിസർവ് പലിശനിരക്കുകൾ നിലനിർത്തുമെന്ന വിശ്വാസവും ഉണ്ട്. പണ്ടുമുതൽക്കേ സാമ്പത്തിക അനിശ്ചിതത്വം ഉണ്ടാകുമ്പോൾ സ്വർണത്തെ സുരക്ഷിത നിക്ഷേപമായാണ് നിക്ഷേപകർ കണക്കാക്കിയിരുന്നത്. എന്നാൽ പലിശനിരക്കിലുണ്ടായ വർദ്ധനവ് നിക്ഷേപകരുടെ ഈ ധാരണയെ മാറ്റുകയും ചെയ്തു. നിക്ഷേപക കമ്പനിയായ ഗോൾഡ്മാൻ സാച്ച്സിന്റെ നിരീക്ഷണമനുസരിച്ച് 2022ൽ യുക്രെയ്നിലേക്കുള്ള റഷ്യയുടെ അധിനിവേശത്തിന് പിന്നാലെ റഷ്യൻ സെൻട്രൽ ബാങ്കുകൾ കരുതൽ ശേഖരത്തെ മരവിപ്പിച്ചിരുന്നു. ഇത് സ്വർണവില ഉയരാൻ കാരണമായി.

കൂടാതെ സ്വർണവിലയിലുണ്ടായ വർദ്ധനവ് ഇന്ത്യയിലെ വിവാഹ സീസണുകളെയും ബാധിച്ചിട്ടുണ്ട്. ചൈനയിലെ ഡീലർമാർ സ്വർണം വാങ്ങുന്നവർക്ക് കൂടുതൽ കിഴിവുകളും നൽകുന്നുണ്ട്. ഭൗമരാഷ്ട്രീയ അനിശ്ചിതത്വം, യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ തീരുവ ഭീഷണികൾ, കേന്ദ്ര ബാങ്കുകളിൽ നിന്നുള്ള വർദ്ധിച്ച ആവശ്യകത. പണപ്പെരുപ്പം എന്നിവയാണ് സ്വർണവില വർദ്ധിപ്പിക്കാൻ പ്രേരിപ്പിച്ച ഘടകങ്ങൾ. ട്രംപിന്റെ തീരുമാനങ്ങൾ ഇപ്പോൾ അനിശ്ചിതത്വത്തിൽ തുടരുകയാണ്.

'ട്രംപിന്റെ താരിഫ് ഭീഷണികൾ സാമ്പത്തിക അനിശ്ചിതത്വത്തിന് ആക്കം കൂട്ടി. ഇതോടെ സ്വർണം സുരക്ഷിത നിക്ഷേപമെന്ന രീതിയിൽ വാങ്ങിക്കൂട്ടാൻ ആരംഭിച്ചു. ഇത്രയും അനിശ്ചിതത്വങ്ങൾ ഉണ്ടായതോടെ നിക്ഷേപകരടക്കം സ്വർണത്തെ കരുതൽ ശേഖരമാക്കി വാങ്ങാൻ ആരംഭിച്ചു'–കർകർമ്മ ജുവലറിയുടെ എംഡി കോളിൻ ഷാ ഒരു സാമ്പത്തിക മാദ്ധ്യമത്തോട് പറഞ്ഞു. യുഎസിന് മേൽ ചൈന തീരുവ ചുമത്തിയതിനെ തുടർന്ന് ആഗോള വ്യാപാര യുദ്ധങ്ങൾ അശങ്കയാകുന്നുണ്ട്. ചൈനയുടെ കേന്ദ്ര ബാങ്ക് രണ്ടാം മാസവും തുടർച്ചയായി സ്വർണശേഖരം വർദ്ധിപ്പിച്ചതും വില ഉയരാൻ കാരണമായിട്ടുണ്ട്.

2011 ആഗസ്റ്റോടെയാണ് സ്വർണവിലയിൽ പ്രകടമായ വർദ്ധനവ് രേഖപ്പെടുത്തി തുടങ്ങിയത്. അന്ന് പത്ത് ഗ്രാം സ്വർണത്തിന്റെ വില 25,000 കടന്നിരുന്നു. എന്നാൽ 2020 ജൂലായ് ആയപ്പോഴേയ്ക്കും പത്ത് ഗ്രാം സ്വർണത്തിന് വില 50,000 കടന്നു. അതായത് 108 മാസം കൊണ്ട് പത്ത് ഗ്രാം സ്വർണത്തിന് 25,000 രൂപയുടെ വർദ്ധനവ് സംഭവിച്ചു. കഴിഞ്ഞ വർഷം സെപ്റ്റംബറിൽ സ്വർണവില 75,000ൽ എത്തി. ഒരു ഗ്രാം 24 കാരറ്റ് സ്വർണത്തിന് വില 8,430 രൂപയുമായി. ഇതോടെ സ്വർണവില ഒരു ലക്ഷത്തിൽ എത്തുന്നത് വിദൂരമല്ലെന്നും വിദഗ്ദർ ചൂണ്ടിക്കാട്ടുന്നുണ്ട്.

പലപ്രതിസന്ധികളിലും സ്വർണത്തെ സുരക്ഷിത നിക്ഷേപമായാണ് ലോകരാജ്യങ്ങൾ കാണുന്നത്. ഉദാഹരണത്തിന് 2001 സെപ്റ്റംബർ 11ലെ ഭീകരാക്രമണങ്ങൾ, 2008ലെ സാമ്പത്തിക പ്രതിസന്ധികൾ, 2020ലെ കൊവിഡ് ദുരന്തം എന്നിവയിൽ സ്വർണ നിക്ഷേപം രാജ്യങ്ങളെ സാമ്പത്തികപരമായി സഹായിച്ചിരുന്നു.

കേന്ദ്ര ബാങ്കുകളിൽ നിന്നുള്ള സ്ഥിരമായ ഉയർന്ന ഡിമാൻഡ് സ്വർണ വില ഒമ്പത് ശതമാനം വരെ ഉയർത്തുമെന്ന് ഗോൾഡ്മാൻ സാച്ചിലെ വിശകലന വിദഗ്ദ്ധ ലിന തോമസ് പറഞ്ഞു. ഈ വർഷം ഫെഡറൽ റിസർവ് പലിശ നിരക്കുകൾ രണ്ടുതവണ കുറയ്ക്കുമെന്ന് സാമ്പത്തിക വിദഗ്ദർ പ്രതീക്ഷിക്കുന്നു, ഇത് ബോണ്ടുകളുമായി താരതമ്യപ്പെടുത്തുമ്പോൾ പലിശയില്ലാത്ത ആസ്തികൾ കൂടുതൽ ആകർഷകമായി കാണാൻ തുടങ്ങുന്നതിനാൽ സ്വർണ വിലയിൽ വർദ്ധനവ് ഉണ്ടാകും. ഗോൾഡ്മാൻ സാച്ച്സ് വിശകലന വിദഗ്ധർ പ്രതീക്ഷിക്കുന്നതിലും കുറഞ്ഞ നിരക്കിൽ യുഎസ് പലിശനിരക്ക് ഫെഡറൽ റിസർവ് കുറച്ചാൽ സ്വർണ വില പുതിയ പ്രവചനത്തേക്കാൾ കുറവായിരിക്കാം.

ആശ വർക്കർമാരുടെ കുടിശിക തീർക്കാൻ 120 കോടി നൽകിയെന്ന് കേന്ദ്രം, 516 കോടി ബാക്കിയെന്ന് കേരളം

ഡൽഹി: ആശ വർക്കർമാരുടെ സമരം സെക്രട്ടേറിയേറ്റിൽ 23–ാം ദിവസം പിന്നിടുമ്പോൾ പരസ്പരം പഴിചാരി കേന്ദ്രവും കേരളവും. കേന്ദ്ര വിഹിതം മുഴുവൻ നൽകിയെന്നും വീഴ്ച മറച്ചുവെക്കാൻ കേരളം കള്ളം പറയുകയാണെന്നും കേന്ദ്ര സർക്കാർ. എന്നാൽ, കോബ്രാൻഡിങ് വിഹിതം നൽകാനാവില്ലെന്നു കാണിച്ച് കേന്ദ്രം അയച്ച കത്ത് പുറത്തുവിട്ട് സംസ്ഥാന സർക്കാറും വാദത്തെ പ്രതിരോധിച്ചു. ചൊവ്വാഴ്ച രാത്രി എട്ടു മണിയോടെയായിരുന്നു ആശ വർക്കർമാരുടെ വിഷയത്തിൽ വ്യക്തത വരുത്തിക്കൊണ്ടും സംസ്ഥാന സർക്കാറിനെ വെട്ടിലാക്കിക്കൊണ്ടും കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ വിശദമായ വാർത്താക്കുറിപ്പ് പുറത്തുവിട്ടത്.

കേന്ദ്രം പുറത്തുവിട്ട കണക്കുകൾ പ്രകാരം 2024–25 കാലഘട്ടത്തിൽ കേരളത്തിന് 913.24 കോടി രൂപയാണ് കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിൽ നിന്നുള്ള നീക്കിയിരിപ്പ് എന്നും സംസ്ഥാനത്തിന് ഇക്കാലയളവിൽ 938.80 കോടി രൂപ നൽകിക്കഴിഞ്ഞുവെന്നും വാർത്താക്കുറിപ്പിൽ പറയുന്നു. നീക്കിയിരിപ്പിനേക്കാളും കൂടുതൽ പണം സംസ്ഥാനത്തിന് നൽകിക്കഴിഞ്ഞു എന്നാണ് കേന്ദ്രത്തിന്റെ വാദം.

2025 ഫെബ്രുവരി പന്ത്രണ്ടിനാണ് അഞ്ചാമത്തെ ഗഡുവായ 120.45 കോടി രൂപ സംസ്ഥാനത്തിന് നൽകിയത് എന്നും വാർത്താക്കുറിപ്പിൽ വ്യക്തമാക്കുന്നു. 120 കോടി രൂപ നൽകിയത് ആശ വർക്കർമാരുടെ കുടിശ്ശിക തീർക്കാൻ വേണ്ടിയാണ് എന്ന വാദം കൂടി കേന്ദ്ര ആരോഗ്യ മന്ത്രാലയം ഉന്നയിക്കുന്നു. കേന്ദ്ര ഫണ്ട് വിനിയോഗിക്കുന്നതിൽ കേന്ദ്ര ധന മന്ത്രാലയത്തിന്റെ മാർഗരേഖകൾ സംസ്ഥാനം ലംഘിച്ചതായും കേന്ദ്ര ആരോഗ്യ മന്ത്രാലയം ആരോപിക്കുന്നു.

കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ വാർത്താക്കുറിപ്പിൽ 'പിണറായി വിജയൻ സർക്കാർ,' 'സി.പി.എം. നേതൃത്വം നൽകുന്ന സർക്കാർ,' 'പിണറായി വിജയൻ നേതൃത്വം നൽകുന്ന സർക്കാർ' എന്നിങ്ങനെയുള്ള പ്രയോഗങ്ങളിലൂടെ രാഷ്ട്രീയ വിമർശനവും നേരിട്ട് ഉയർത്തിയിട്ടുണ്ട്. ആശ വർക്കർമാരുടെ പ്രവർത്തനങ്ങളെ 'ആയുഷ്മാൻ' എന്ന ബ്രാൻഡിൽ ഉൾപ്പെടുത്തണമെന്ന കേന്ദ്ര സർക്കാറിന്റെ നിർദ്ദേശം കേരളം നേരത്തേ തള്ളിയിരുന്നു. പിന്നീട് കേന്ദ്രത്തിന്റെ സമ്മർദ്ദത്തെത്തുടർന്ന് ആയുഷ്മാർ എന്നു ചേർക്കാൻ സംസ്ഥാനം നിർബന്ധിതമാവുകയായിരുന്നു.

അതേസമയം, കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ വാർത്താക്കുറിപ്പിനെ സംസ്ഥാനം പ്രതിരോധിച്ചു. 636 കോടി രൂപയാണ് കേന്ദ്രത്തിന്റെ കുടിശ്ശികയിനത്തിൽ സംസ്ഥാനത്തിന് ലഭിക്കാനുള്ളതെന്നും അതിൽ 120 കോടി രൂപ മാത്രമാണ് ലഭിച്ചിരിക്കുന്നതെന്നും അത് വെറും കുടിശ്ശിക നിവാരണം മാത്രമാണ് എന്നുമാണ് സംസ്ഥാനത്തിന്റെ വിശദീകരണം.

കേന്ദ്രവും കേരളവും തമ്മിൽ കത്തുകളുടെ ഘോഷയാത്ര നടത്തുകയാണെന്നും തങ്ങളെ ഇതൊന്നും ബാധിക്കുന്നില്ലെന്നും 232 രൂപ ദിവസക്കൂലിക്ക് പണിയെടുക്കാൻ ആശ വർക്കർമാർ ഇനി തയ്യാറല്ലെന്നും ആശ വർക്കർമാർ പ്രതികരിച്ചു. ഓണറേറിയം ആരാണോ തരേണ്ടത് അവർ പരസ്പരധാരണയോടെ വാങ്ങിയെടുത്ത് ആശ വർക്കർമാർക്ക് വിതരണം ചെയ്യുകയാണ് വേണ്ടതെന്ന് ആശ വർക്കർമാരുടെ സമരനേതാവ് എസ്.മിനി പറഞ്ഞു. ദിവസം എഴുനൂറ് രൂപ തങ്ങൾക്ക് കൂലിയായി ആവശ്യമുണ്ടെന്നും മിനി പറഞ്ഞു.

സ്കൂട്ടർ നിയന്ത്രണം വിട്ട് മറിഞ്ഞ് പരിക്ക്

കേച്ചേരി: വടക്കാഞ്ചേരി റോഡിൽ പെരുവൻമല കയറ്റത്തിനു സമീപം സ്കൂട്ടർ നിയന്ത്രണം വിട്ട് മറിഞ്ഞ്, പാത്രമംഗലം സ്വദേശി നീലങ്കാവിൽ വീട്ടിൽ വിൻസെന്റ് മകൻ സിബി(24)ന് പരിക്കുപറ്റി. സിബിനെ കേച്ചേരി അഇഠ പ്രവർത്തകർ മുളങ്കുന്നത്തുക്കാവ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

വിഷം ഉള്ളിൽ ചെന്ന് മരിച്ച ജ്വല്ലറി ഉടമയുടെ വാരിയെല്ല് ഒടിഞ്ഞനിലയിൽ; ദുരൂഹത

ആലപ്പുഴ: മുഹമ്മയിലെ ജ്വല്ലറി ഉടമ രാധാകൃഷ്ണന്റെ മരണത്തിൽ അടിമുടി ദുരൂഹത. വിഷം ഉള്ളിൽ ചെന്നാണ് രാധാകൃഷ്ണന്റെ മരണമെന്നാണ് പോസ്റ്റ്മോർട്ടം റിപ്പോർട്ട്. ശരീരത്തിൽ പലയിടങ്ങളിലായി പരുക്കേറ്റതിന്റെ പാടുകളുണ്ടെന്നും റിപ്പോർട്ടിൽ പറയുന്നു. രാധാകൃഷ്ണന്റെ വാരിയെല്ലുകൾ ഒടിഞ്ഞ നിലയാണെന്നും ഇടത്തേ കാൽമുട്ടിന് താഴെ പരുക്കുണ്ടെന്നും പോസ്റ്റ്മോർട്ടം റിപ്പോർട്ട് വ്യക്തമാക്കുന്നു. ഈ പരുക്കുകൾ മരണത്തിന് 24 മണിക്കൂർ മുൻപ് ഏറ്റതാണെന്നും റിപ്പോർട്ട് പറയുന്നു. ഫെബ്രുവരി എട്ടിനാണ് രാധാകൃഷ്ണൻ മരിച്ചത്.

പെരിന്തൽമണ്ണയിൽ നിന്നുള്ള ഒരു മോഷ്ടാവ് കവർന്നെടുത്ത് കൊണ്ടുവന്ന 21 പവൻ സ്വർണം രാധാകൃഷ്ണന്റെ മുഹമ്മയിലുള്ള രാജി ജ്വല്ലറിയിലാണ് വിറ്റത്.

ഇത് കണ്ടെത്തുന്നതിനായി കടുത്തുരുത്തി പൊലീസ് ജ്വല്ലറിയിൽ എത്തിയിരുന്നു. തുടർന്നാണ് രാധാകൃഷ്ണനെ പ്രതിക്കൊപ്പമെത്തി കസ്റ്റഡിയിലെടുത്തത്. അടുത്ത ദിവസം പൊലീസ് വീണ്ടും എത്തിയപ്പോൾ ജ്വല്ലറിയിൽ ഉണ്ടായിരുന്ന വിഷദ്രാവകം രാധാകൃഷ്ണൻ എടുത്ത് കുടിക്കുകയായിരുന്നുവെന്നാണ് പൊലീസ് വിശദീകരിച്ചിരുന്നത്.

പൊലീസ് ഭാഷ്യത്തിന് വിരുദ്ധമായാണ് പോസ്റ്റ്മോർട്ടം റിപ്പോർട്ട് പുറത്തുവന്നിരിക്കുന്നത്. രാധാകൃഷ്ണന്റെ ശരീരത്തിന്റെ പിൻഭാഗത്തും തോളുകളിലും സാരമായ ക്ഷതമേറ്റിട്ടുണ്ടെന്നും വാരിയെല്ലുകളിൽ മൂന്നും നാലും എണ്ണം വീതം ഒടിഞ്ഞ് നുറുങ്ങിയിട്ടുണ്ടെന്നുമാണ് റിപ്പോർട്ട് വിശദീകരിക്കുന്നത്. എന്നാൽ സിപി ഒ നൽകിയപ്പോൾ വാരിയെല്ലുകൾക്ക് പരുക്കേറ്റതാകാമെന്ന സംശയവും പോസ്റ്റ്മോർട്ടം റിപ്പോർട്ടിലുണ്ട്.

അതേസമയം, രാധാകൃഷ്ണന് പൊലീസ് മർദനം ഏറ്റിരുന്നുവെന്നും ഇതിലെ മനോവിഷമം താങ്ങാനാവാതെ ജീവനൊടുക്കിയതാണെന്നും കുടുംബം ആരോപണം ഉയർത്തിയിരുന്നു.

'പാർട്ടി അനുഭാവികൾക്ക് മദ്യപിക്കാം; എംവി ഗോവിന്ദൻ

കൊച്ചി: മദ്യപിക്കുന്നവരെ പാർട്ടിയിൽ നിന്ന് പുറത്താക്കുമെന്ന നിലപാട് മാറ്റി സിപിഎം സംസ്ഥാന സെക്രട്ടറി എംവി ഗോവിന്ദൻ. മദ്യപിക്കുന്നവർക്ക് പാർട്ടിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കാം. എന്നാൽ, പാർട്ടി നേതൃത്വത്തിൽ നിൽക്കുന്നവരും പ്രവർത്തകരും മദ്യപിക്കരുതെന്നാണ് പറഞ്ഞതെന്നും അദ്ദേഹം വ്യക്തമാക്കി. കൊല്ലത്ത് മാദ്ധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു എംവി ഗേവിന്ദൻ.

പാർട്ടി ബന്ധുക്കൾക്കും അനുഭാവികൾക്കും മദ്യപിക്കുന്നതിന് തടസമില്ല. ഇതൊരു സുപ്രഭാതത്തിൽ ഉണ്ടായ വെളിപാടല്ലെന്നും അദ്ദേഹം പറഞ്ഞു. സംസ്ഥാന സമ്മേളനത്തിൽ പ്രായപരിധി നിബന്ധന കർശനമായി നടപ്പാക്കുമെന്ന് അദ്ദേഹം പറഞ്ഞു. പ്രായപരിധി 75 വയസ് കഴിഞ്ഞവർ മാത്രം പുറത്ത് പോകും. 75 തികയാത്തവരുടെ കാര്യം പാർട്ടി കോൺഗ്രസ് തീരുമാനിക്കുമെന്നും അദ്ദേഹം പറഞ്ഞു.

ലക്ഷ്യം തുടർഭരണവും 50 ശതമാനം വോട്ടും; സി.പി.എം. സംസ്ഥാന സമ്മേളനത്തിന് വ്യാഴാഴ്ച കൊടി ഉയരും

കൊല്ലം: തുടർഭരണത്തിന്റെ തുടർച്ചക്കായുള്ള കർമ്മപരിപാടികൾക്ക് അന്തിമരൂപം നൽകുന്നതിലേക്ക് സിപിഎം കടക്കുന്നു. സി.പി.എം. സംസ്ഥാന സമ്മേളനത്തിന് നാളെ കൊടി ഉയരും. പതാക, ദീപശിഖ, കൊടിമര ജാഥകൾ ഇന്ന് വൈകീട്ട് പൊതുസമ്മേളന നഗരിയായ ആശ്രാമം മൈതാനത്ത് എത്തിച്ചേരും. കൊല്ലത്ത് മാർച്ച് 6മുതൽ 9വരെ നടക്കുന്ന സംസ്ഥാന സമ്മേളനം അംഗീകരിക്കുന്ന നയപരിപാടി മൂന്നാം പിണറായി സർക്കാർ എന്ന ലക്ഷ്യത്തെ മുൻനിർത്തിയാകും.

കയ്യൂരിൽനിന്ന് കഴിഞ്ഞദിവസം ആരംഭിച്ച പതാകാജാഥ സംസ്ഥാന സെക്രട്ടേറിയറ്റ്അംഗം എം.സ്വരാജാണ് നയിക്കുന്നത്. വയലാറിൽനിന്ന് ആരംഭിച്ച ദീപശിഖാപ്രയാണം സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം ഡോ. പി.കെ.ബിജു നയിക്കുന്നു. ഇന്ന് രാവിലെ ശൂരനാട്ടുനിന്ന് തുടങ്ങിയ കൊടിമരജാഥ കേന്ദ്രക്കമ്മിറ്റി അംഗം സി.എസ്.സുജാതയാണ് നയിക്കുന്നത്. നാളെ രാവിലെ പ്രതിനിധിസമ്മേളന നഗരിയായ കോടിയേരി ബാലകൃഷ്ണൻ നഗറിൽ (സി.കേശവൻ സ്മാരക മുനിസിപ്പൽ ടൗൺ ഹാൾ) സമ്മേളനത്തിന് കൊടി ഉയരും. സി.പി.എം. കോഡിനേറ്റർ പൊളിറ്റ് ബ്യൂറോ അംഗം പ്രകാശ് കാരാട്ടാണ് നാളെ പ്രതിനിധിസമ്മേളനം ഉദ്ഘാടനം ചെയ്യുന്നത്.

50 ശതമാനം വോട്ട് ഒറ്റയ്ക്ക് നേടാനാകുന്ന കരുത്ത് കൈവരിക്കുക എന്ന ലക്ഷ്യമാണ് സിപിഎം കുറേക്കാലമായി ആഗ്രഹിക്കുന്നത്. കീഴ്ഘടകങ്ങളുടെ പുനഃസംഘടന പൂർത്തിയായപ്പോൾ പാർട്ടി അംഗങ്ങളുടെ എണ്ണം 564,895 ആയി വർധിച്ചു. എറണാകുളം സമ്മേളനത്തിൽ നിന്ന് കൊല്ലത്തേക്ക് എത്തുമ്പോൾ 37,517 അംഗങ്ങളുടെ വർധന. ബ്രാഞ്ച് കമ്മിറ്റികളുടെ എണ്ണം 3247 കൂടി 38,426 ബ്രാഞ്ചുകളായി. ഇതിൽ തന്നെ 2597 ബ്രാഞ്ച് സെക്രട്ടറിമാർ സ്ത്രീകളാണ്. ലോക്കൽ കമ്മിറ്റികളുടെ എണ്ണം 171 വർധിച്ച് 2444 ആയി. 210 ഏരിയ കമ്മിറ്റികളാണ് പാർട്ടിക്ക് ഇപ്പോഴുള്ളത്. ഈ സമ്മേളനകാലത്ത് 40 വനിതാ ലോക്കൽ കമ്മിറ്റി സെക്രട്ടറിമാർ തലപ്പത്തേക്ക് വന്നപ്പോൾ ചരിത്രത്തിലാദ്യമായി മൂന്ന് വനിതാ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

ലഹരിമാഫിയകളെ വളർത്തുന്ന പിണറായി സർക്കാർ അധികാരം ഒഴിയണം: ജോസ് വള്ളൂർ

തൃശൂർ: ആർക്കും നിയന്ത്രിക്കാൻ കഴിയാത്തവിധം ലഹരിമാഫിയകളെ വളർത്തുന്ന പിണറായി സർക്കാരിന് ഒരു നിമിഷം പോലും അധികാരത്തിൽ തുടരാൻ അർഹതയില്ലെന്ന് തൃശൂർ ജില്ലാ കോൺഗ്രസ് കമ്മിറ്റി മുൻ പ്രസിഡന്റ് ജോസ് വള്ളൂർ പ്രസ്താവിച്ചു. തെരഞ്ഞെടുപ്പ് വാഗ്ദാനം ലംഘിച്ച് അനിയന്ത്രിതമായി മദ്യശാലകൾ അനുവദിച്ച സർക്കാരിനെതിരെ ജനരോഷം ഉയരാതിരിക്കുവാനാണ് ഒന്നാം പിണറായി സർക്കാർ വിമുക്തിമിഷനെന്ന പേരിൽ ലഹരിപദാർത്ഥങ്ങൾക്കെതിരെ ബോധവൽക്കരണ പ്രഹസനം ആരംഭിച്ചത്. അതിപ്പോൾ ദുർഭൂതത്തെ തുറന്നുവിട്ടതുപോലെ ആർക്കും നിയന്ത്രിക്കാൻ കഴിയാത്തവിധം കേരളമാകെ കൊലക്കളമാക്കി വിലസുകയാണെന്ന് ജോസ് വള്ളൂർ പറഞ്ഞു.

മദ്യ വിമോചന മഹാ സഖ്യം സംസ്ഥാന പ്രസിഡന്റ് ഇ എ ജോസഫിന്റെ മാരത്തോൺ പ്രഭാഷണം തൃശൂർ കോർപറേഷൻ ഓഫീസിനു മുന്നിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ഉദ്ഘാടന യോഗത്തിൽ ഇ എ ജോസഫ് അദ്ധ്യക്ഷത വഹിച്ചു.

മദ്യമെന്ന ജനകീയ ലഹരി പദാർത്ഥം അത്രവലിയ അപകടമല്ലെന്ന് ജനത്തെ തെറ്റിധരിപ്പിക്കാനും സർക്കാരിന് വ്യാജ പ്രതിച്ഛായ സൃഷ്ടിക്കുവാനുമാണ് ലഹരിവിരുദ്ധ ബോധവൽക്കരണ പ്രഹസനം സർക്കാർ ആരംഭിച്ചത്. അത് ലഹരിവസ്തുക്കളുടെ പ്രചാരം കുട്ടികളിൽ വർദ്ധിപ്പിക്കുകയും കുട്ടിക്കുറ്റവാളികളെ സൃഷ്ടിക്കുന്നതിനും കാരണമായെന്ന് ജോസ് വള്ളൂർ അഭിപ്രായപ്പെട്ടു.

യോഗത്തിൽ മദ്യ വിമോചന മഹാ സഖ്യം സംസ്ഥാന ജനറൽ സെക്രട്ടറി കെ എ മഞ്ജുഷ, കെപിസിസി വിചാർ വിഭാഗ് തൃശൂർ ജില്ലാ ചെയർമാൻ ഡോ ജെയിംസ് ചിറ്റിലപ്പിള്ളി, പ്രൊഫ ആന്റോ കുണ്ടുകുളം, കേരള ഡെമോക്രാറ്റിക് പാർടി സംസ്ഥാന ജനറൽ സെക്രട്ടറി കെ സി കാർത്തികേയൻ, തൃശൂർ പബ്ലിക് ലൈബ്രറി ജോയന്റ് സെക്രട്ടറി കെ പി രാധാകൃഷ്ണൻ, കെ എസ് വൈ എഫ് സംസ്ഥാന വൈസ് പ്രസിഡണ്ട് എം എസ് സജിത്ത്, തോമസ് കരിപ്പായി, വിത്സൺ പണ്ടാരവളപ്പിൽ, ബേബി ജോജോ കല്ലുക്കാരൻ, പോൾ ചെവിടൻ തുടങ്ങിയവർ പ്രസംഗിച്ചു.

ദേഹോപദ്രവും കവർച്ചയും:പ്രതികളെ വെറുതെ വിട്ടു

തൃശൂർ: 16.03.2011 തീയതി മുരളി എന്ന യുവാവിനെ മദ്യം വാങ്ങി തരാമെന്ന് പറഞ്ഞ് തൃശ്ശൂർ വഞ്ചികുളത്തിനടുത്തുള്ള പറമ്പിൽ വച്ച് അടിച്ചും തീ പൊള്ളൽ ഏൽപ്പിച്ചും 1300 രൂപയും മൊബൈൽ ഫോണും കവർച്ച ചെയ്തു എന്ന് ആരോപിച്ച് തൃശ്ശൂർ വെസ്റ്റ് പോലീസ് രജിസ്റ്റർ ചെയ്ത കേസിൽ പ്രതികളായ കടവി രഞ്ജിത്ത്, അനീഷ്, അനിൽ, റെജിൻ, രൂപേഷ് എന്നവരെ കുറ്റക്കാരല്ലെന്ന് കണ്ട് വെറുതെ വിട്ടുകൊണ്ട് തൃശ്ശൂർ അതിവേഗ കോടതി ജഡ്ജ് ജയപ്രഭു വിധി പ്രസ്താവിപ്പിച്ചു.

പ്രോസിക്യൂഷൻ ഭാഗം സാക്ഷികളെ വിസ്തരിച്ചതിൽ പ്രതികളുടെ കുറ്റം തെളിയിക്കാൻ ആകില്ലെന്ന പ്രതിഭാഗം അഡ്വക്കറ്റ്മാരുടെ വാദം അംഗീകരിച്ചാണ് പ്രതികളെ വെറുതെ വിട്ടത്

പ്രതികൾക്ക് വേണ്ടി അഭിഭാഷകരായ എൻ കെ അജയകുമാർ, പ്രീതി ആർ. നായർ, ടി ആർ മിഥുൽ തോപ്പിൽ, വി ആർ ജ്യോതിഷ്, എ. ഹരിദാസൻ, വിനയ് രാമദാസ് എന്നിവർ ഹാജരായി.

പഞ്ചായത്ത് പ്രസിഡന്റിനെതിരെ ജാതി അധിക്ഷേപം

പ്രതിക്ക് 2 വർഷം തടവും പിഴയും ശിക്ഷ

തൃശൂർ: പഞ്ചായത്ത് പ്രസിഡന്റിനെ ജാതിപ്പേര് വിളിച്ച് അധിക്ഷേപിച്ച കേസിൽ പ്രതിയായ തൃശ്ശൂർ എടത്തിരുത്തി സ്വദേശി ചെമ്പകശ്ശേരി ബാലകൃഷ്ണൻ മകൻ വിശാഖിനെ 2 വർഷം തടവിനും 20,000 രൂപ പിഴ അടക്കുന്നതിനും പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനുള്ള തൃശൂർ എസ്.സി./എസ്.ടി. സ്പെഷൽ കോടതി ജഡ്ജ് കെ. കമനീസ് ശിക്ഷ വിധിച്ചു. പിഴ അടക്കാത്ത പക്ഷം 2 മാസം അധിക തടവ് അനുഭവിക്കേണ്ടി വരും. പിഴ അടയ്ക്കുന്ന പക്ഷം, പിഴ സംഖ്യയിൽ നിന്ന് ഇതിലെ ഇരയായ വ്യക്തിക്ക് നൽകണമെന്നും വിധി ന്യായത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. 2014 ഫെ.3 നാണ് കേസിനാസ്പദമായ സംഭവം നടന്നത്. പ്രതിയുടെ അച്ഛൻ ബാലകൃഷ്ണന്റെ സ്ഥലത്തിന്റെ അതിർത്തിയോട് ചേർന്നുള്ള കനാലിലെ നീരൊഴുക്കിനെ തടസ്സപ്പെടുത്തുന്ന രീതിയിൽ മതിൽ നിർമ്മാണം നടക്കുന്നുവെന്ന് വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ, അന്നത്തെ പഞ്ചായത്ത് വികസന കമ്മറ്റി ചെയർമാനായിരുന്ന ഹരിയോടൊപ്പം സംഭവസ്ഥലത്ത് ചെന്ന എടത്തിരുത്തി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടായിരുന്ന എ വി സതീഷിനെയാണ് പ്രതി ജാതിപ്പേര് വിളിച്ച് അധിക്ഷേപിച്ചത്.

2014 ൽ മതിലകം പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടറായിരുന്ന വി.ആർ. മണിലാൽ രജിസ്റ്റർ ചെയ്ത് പ്രാഥമിക അന്വേഷണം നടത്തിയ കേസിൽ, ഇരിഞ്ഞാലക്കുട DYSP ആയിരുന്ന പി.എ. വർഗ്ഗീസ് ആണ് അന്വേഷണം പൂർത്തിയാക്കി പ്രതിയ്ക്കെതിരെ കോടതിയിൽ കുറ്റപത്രം സമർപ്പിച്ചത്. അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ ഇ.എസ്. സിജിത്ത് പ്രോസിക്യൂഷൻ നടപടികൾ ഏകോപിപ്പിച്ചു.

കേസിലെ തെളിവിലേക്കായി പ്രോസിക്യൂഷൻ ഭാഗത്ത് നിന്ന് 11 സാക്ഷികളെ വിസ്തരിക്കുകയും 13 രേഖകൾ ഹാജരാക്കുകയും ചെയ്തു.കേസിൽ പ്രോസിക്യൂഷന് വേണ്ടി സ്പെഷൽ പബ്ലിക് പ്രോസിക്യൂട്ടർ അഡ്വ. എ.കെ. കൃഷ്ണൻ ഹാജരായി.

എസ്എസ്എൽസി പരീക്ഷ; ആദ്യ ദിനം എത്താതിരുന്നത് മൂന്ന് വിദ്യാർഥികൾ

തൃശൂർ: ജില്ലയിൽ 267 സെൻററുകളിലായി 36,145 വിദ്യാർഥികൾ തിങ്കളാഴ്ച എസ്എസ്എൽസി പരീക്ഷ എഴുതി. മൂന്ന് കുട്ടികൾ മാത്രമാണ് ഹാജരാകാതിരുന്നത്.

മതിലകം സെൻറ് ജോസഫ്സ് സ്കൂളിലാണ് ഏറ്റവും കൂടുതൽ കുട്ടികൾ പരീക്ഷ എഴുതിയത് -565. തൊട്ടുപിന്നാലെ 555 കുട്ടികളുമായി എരുമപ്പെട്ടി ഗവ. ഹയർ സെക്കൻഡറി സ്കൂളുണ്ട്. രാമവർമപുരം ഗവ. വൊക്കേഷനൽ ഹയർ സെക്കൻഡറി, പുങ്കുന്നം ഗവ. ഹയർ സെക്കൻഡറി, കേച്ചേരി മമ്പ ഉൽ ഹുദ എന്നീ സ്കൂളുകളിലാണ് ഏറ്റവും കുറവ് വിദ്യാർഥികൾ (ഏഴ്) പരീക്ഷ എഴുതിയത്. തൃശൂർ, ഇരിങ്ങാലക്കുട, ചാവക്കാട് വിദ്യാഭ്യാസ ജില്ലകളിലായി 18,579 ആൺകുട്ടികളും 17,569 പെൺകുട്ടികളുമാണ് എസ്എസ്എൽസി പരീക്ഷ എഴുതാനുള്ളത്. ചോദ്യപേപ്പർ ചോർച്ച പോലുള്ള സംഭവങ്ങൾ ഒഴിവാക്കാൻ സംസ്ഥാനതല സ്ക്വാഡുകൾക്ക് പുറമെ ജില്ലയിൽ നാല് സ്ക്വാഡ് പ്രവർത്തിക്കുന്നുണ്ട്. പരീക്ഷാ പേടി അകറ്റാനും കടുത്ത ചൂടിൽ കുട്ടികൾക്ക് പരീക്ഷ ഹാളിൽ സുഗമമായ അന്തരീക്ഷം സൃഷ്ടിക്കാനും വിപുലമായ ഒരുക്കങ്ങൾ നടത്തിയിട്ടുണ്ട്. പരീക്ഷ സെൻററുകളിലെ ക്ലാസ് മുറികളിൽ കുടിവെള്ളം ഉറപ്പാക്കിയിട്ടുണ്ട്. വായു സഞ്ചാരമുള്ള ക്ലാസ് മുറികളാണ് പരമാവധി ഉപയോഗിക്കുന്നത്. ഇതിൽ ഫാൻ നിർബന്ധമാണ്. പരീക്ഷ കാലയളവിൽ ഓപ്പൺ അസംബ്ലി ഒഴിവാക്കാനും വിദ്യാഭ്യാസ വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്.

പ്രീ പ്രൈമറി ലോവർ പ്രൈമറി അപ്പർ പ്രൈമറി

തൃശൂർ: ഹൈസ്കൂൾ വിഭാഗം കുട്ടികളുടെ പഠന നേട്ടങ്ങളുടെ അവതരണവും കുട്ടികൾ നിർമിച്ച പഠന സാമഗ്രികളുടെ പ്രദർശനവും പഠനോത്സവത്തിന്റെ ഭാഗമായി നടന്നു. ഗണിത ക്ലബ് തയ്യാറാക്കിയ ഗണിത മാഗസിൻ 'ഗണിത ചെപ്പ്' ന്റെ പ്രകാശനവും മികച്ച പ്രകടനം കാഴ്ച വച്ച കുട്ടികൾക്കുള്ള സമ്മാനദാനവും ചടങ്ങിൽ നടന്നു. കുട്ടികൾക്ക് ഒപ്പം രക്ഷിതാക്കളും ചടങ്ങിൽ പങ്കെടുത്തു.

സീനിയർ അസിസ്റ്റന്റ് സുധ ബി എൻ സ്വാഗതവും സി ആർ സി കോർഡിനേറ്റർ അനീഷ എ, അധ്യാപക പ്രതിനിധികളായ ബിനു എം ജി, സീമ ആർ ജി നായർ തുടങ്ങിയവർ ചടങ്ങിന് ആശംസയും അർപ്പിച്ചു. എസ് ആർ ജി കൺവീനർ നിഷ വി പി നന്ദി പറഞ്ഞു.

എൻ എസ് എസ് പ്രതിനിധി സഭാംഗമായി തെരഞ്ഞെടുക്കപ്പെട്ട ആർ ബാലകൃഷ്ണൻ മന്നം സമാധിയിൽ പുഷ്പാർച്ചനയ്ക്ക് ശേഷം ജനറൽ സെക്രട്ടറി ജി. സുകുമാരൻ നായർ, നായക സഭാംഗം ഹരികുമാർ കോയിക്കൽ. താലൂക്ക് യൂണിയൻ ചെയർമാർ അഡ്വ.ഡി.ശങ്കരൻകുട്ടി, കരയോഗം രജിസ്റ്റാർ വി.വി. ശശിധരൻ നായർ, സൂപ്രണ്ട് ബി. ഗോപാലകൃഷ്ണൻ നായർ, കമ്മിറ്റി അംഗങ്ങളായ സി.വിജയൻ, നന്ദൻ പറമ്പത്ത്, സുനിൽ കെ മേനോൻ, ബിന്ദു ജി. മേനോൻ യൂണിയൻ സെക്രട്ടറി എസ്. കൃഷ്ണകുമാർ എന്നിവരോടൊപ്പം.

പുതുതായി ആരംഭിച്ച ഡോ.ഫിലിപ്പോസ് മാർതെയോഫിലോസ് ലാബിന്റെ പ്രവർത്തനം ആരംഭിച്ചു

കുന്നംകുളം : മലങ്കര മെഡിക്കൽ മിഷൻ ആശുപത്രിയിൽ പുതുതായി ആരംഭിച്ച ഡോ.ഫിലിപ്പോസ് മാർ തെയോഫിലോസ് ലാബിന്റെ പ്രവർത്തനം ആരംഭിച്ചു. ആശുപത്രി സെക്രട്ടറി കെ.പി.സാക്സൺ, ട്രഷറർ മോൻസി അബ്രഹാം, സൂപ്രണ്ട് ഡോ. മോഹൻ തോമസ്, മെഡിക്കൽ ഡയറക്ടർ ഡോ. ബാബു മാത്യു, പാത്തോളജിസ്റ്റ് ഡോ. വിമി വിൽസൺ, അഡ്മിനിസ്ട്രേറ്റർ ഡിക്സൺ സി എസ് എന്നിവർ ചേർന്ന് ഉദ്ഘാടനം നിർവ്വഹിച്ചു. ഇതോടൊപ്പം വിപുലീകരിച്ച എം ആർ ഡി ഡിപ്പാർട്ട്മെന്റിന്റെയും സ്റ്റോറിന്റെയും ഉദ്ഘാടനവും നടത്തി. ഡോക്ടർമാരായ അഖിൽ പോൾ, സാബു ജോർജ് തുടങ്ങി ആശുപത്രി ഡയറക്ടർമാർ, മറ്റ് ഡോക്ടർമാർ മറ്റ് സ്റ്റാഫ് അംഗങ്ങൾ എന്നിവർ സംബന്ധിച്ചു.എല്ലാവിധ ആധുനിക സൗകര്യങ്ങളും സംവിധാനങ്ങളും ഒരുക്കി കൊണ്ടാണ് പുതിയ ലാബ് സമുച്ചയം മലങ്കര ആശുപത്രിയിൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്.

ശരണ്യ ജില്ലാതല സമിതി യോഗം

തൃശൂർ: വിധവകൾ, വിവാഹമോചനം നേടിയ സ്ത്രീകൾ, 30 വയസ്സിനു മുകളിലുള്ള അവിവാഹിതകൾ തുടങ്ങി അശരണരായ വനിതകൾക്കായി തൊഴിൽ വകുപ്പ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടത്തുന്ന ശരണ്യ സ്വയം തൊഴിൽ പദ്ധതിയുടെ ജില്ലാതല യോഗം കളക്ടറേറ്റ് അനക്സ് ഹാളിൽ ചേർന്നു.

ജില്ലാ കളക്ടർ അർജുൻ പാണ്ഡ്യൻ അധ്യക്ഷത വഹിച്ച യോഗത്തിൽ 160 അപേക്ഷകളാണ് പരിഗണിച്ചത്. ഇതിൽ 138 അപേക്ഷകൾ തീർപ്പാക്കി. 22 അപേക്ഷകർ യോഗത്തിൽ ഹാജരായില്ല.

കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയിൽനിന്ന് 'ഫുഡ് സയൻസ് ആൻഡ് ന്യൂട്രീഷൻ' വിഷയത്തിൽ പിഎച്ച്ഡി നേടിയ റോസ്മിയ പോൾസൺ. അരണാട്ടുകര ചിറിയങ്കണ്ടത്ത് കാട പോൾസന്റേയും മായയുടേയും മകളും തോട്ടാൻ ഡേവീസിന്റേയുംമീനയുടേയും മകൻ മാണിയുടെ പത്നിയുമാണ്.

പ്രതിഷ്ഠാദിനാഘോഷം

അവിട്ടത്തൂർ: കീഴ്തൃക്കോവിൽ ശ്രീകൃഷ്ണ ക്ഷേത്ര ഞ്ഞിലെ പ്രതിഷ്ഠാദിനം വിവിധ പരിപാടികളോടെ ആഘോഷിച്ചു. മഹാഗണപതി ഹോമം, ശ്രീഭൂതബലി, സമ്പൂർണ്ണനാരായണീയ പാരായണം, പ്രസാദ ഊട്ട്, സമൂഹ വിഷ്ണു സഹസ്രനാമ ജപാർച്ചന, പഞ്ചാരിമേളം എന്നിവയോടെ നടത്തി.

വനിതാ ദിനം: സാംസ്കാരിക അക്കാദമി– സ്നേഹാദരം

തൃശൂർ: ലോക വനിതാ ദിനമായ 8 – ാം തീയതി തൃശൂർ സാംസ്കാരിക അക്കാദമി സ്നേഹാദരം – ഒരുക്കുന്നു.

പ്രസ്സ് ക്ലബ് ഹാളിൽ കാലത്ത് 10 ന് നടക്കുന്ന വനിതാ സംഗമത്തിൽതൃശൂരിലെ സർഗ പ്രതിഭകളായ പതിനാല് വനിതകളെ ആദരിക്കും. സ്ത്രീ ശാക്തീകരണം സംബന്ധിച്ച് സംവാദവും നടക്കും. അക്കാദമി പ്രസിഡണ്ട് അഡ്വ: എ.ഡി.ബെന്നി അദ്ധ്യക്ഷത വഹിക്കും. പത്മശ്രീ കലാമണ്ഡലം ക്ഷേമാവതി, എൻ. ഐ. ടി.സി.. എം.ഡി: കെ.പി. മനോജ് കുമാർ പ്രഭാഷണം നടത്തും. സാംസ്കാരിക അക്കാദമി ഭാരവാഹികൾആദരിക്കൽ നിർവഹിക്കും.

വാർത്താ സമ്മേളനത്തിൽ അഡ്വ: എ.ഡി.ബെന്നി, ശപത്ഥ്, രാജൻ എ ലവത്തൂർ, വി.മാധവികുട്ടി പങ്കെടുത്ത് ആദരിക്കുന്നവർ:നിസരി, വത്സല വാസുദേവൻ പിള്ള, ഡോ.പി. സരസ്വതി,സിജി, ഷീല മേനോൻ, താര അതിയടത്ത്, അഡ്വ . എഡ്വിന, രാജ്കുമാരി,അക്ഷിത രാജ്, വിജി, ഷീല രാജൻ, ഡോ: സുമതി അച്യുതൻ, സുജ മേനോൻ തുടങ്ങിയവർ പരിപാടി വിശദീകരിച്ചു.

ഹരിത പദവി പ്രഖ്യാപനം നടന്നു

മാലിന്യമുക്ത നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി വരവൂർ ഗ്രാമപഞ്ചായത്തിൽ ഹരിത പദവി പ്രഖ്യാപനം നടത്തി. ഹരിത പദവി പ്രഖ്യാപനവും സർട്ടിഫിക്കറ്റ് വിതരണവും വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് കെ വി നഫീസ ഉദ്ഘാടനം ചെയ്തു. ഹരിത കേരളം മിഷൻ ആർ പി ശ്രീഷ്മ പദ്ധതി വിശദീകരണം നടത്തി.

വരവൂർ ഗ്രാമപഞ്ചായത്ത് ഹരിത കർമ്മ സേനാംഗങ്ങൾക്കുള്ള സുരക്ഷാ ഉപകരണങ്ങളുടെ വിതരണവും വിദ്യാലയങ്ങൾ, സ്ഥാപനങ്ങൾ, അംഗൻവാടികൾ, കലാലയങ്ങൾ, അയൽക്കൂട്ടങ്ങൾ എന്നിവയ്ക്കുള്ള ഹരിത പദവി സർട്ടിഫിക്കറ്റ് വിതരണവും നടന്നു.

വരവൂർ വനിത തൊഴിൽ പരിശീലന കേന്ദ്രത്തിൽ നടന്ന പരിപാടിയിൽ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ വിമല പ്രഹ്ലാദൻ അധ്യക്ഷത വഹിച്ചു. ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഇ എൻ ഹരിനാരായണൻ ജില്ലാ പഞ്ചായത്ത് മെമ്പർ പി സാബിറ, ബ്ലോക്ക് പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ദീപു പ്രസാദ്, വരവൂർ ഗ്രാമപഞ്ചായത്ത് വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ പി കെ യശോദ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ അഭിജിത്ത് തുടങ്ങിയവർ പങ്കെടുത്തു.

പട്ടയ അസംബ്ലി 7ന്

ഒല്ലൂർ: നിയോജക മണ്ഡലത്തിലെ പട്ടയ അസംബ്ലി യോഗം മാർച്ച് ഏഴിന് രാവിലെ 10 ന് മണ്ണുത്തി കാർഷിക സർവ്വകലാശാല കമ്മ്യൂണിക്കേഷൻ സെന്ററിൽ നടക്കും.

ഭൂനികുതി കുത്തനെ കൂട്ടിയവർ ആശാവർക്കർമാരെ എന്തെ അവഗണിക്കുന്നു : തോമസ് ഉണ്ണിയാടൻ

കൊറ്റനെല്ലൂർ: സംസ്ഥാന രൂപീകരണത്തിന് ശേഷം ഭൂനികുതി ഇത്രത്തോളം വർധിപ്പിച്ച ഒരു സർക്കാരും ഉണ്ടായിട്ടില്ലെന്ന് കേരള കോൺഗ്രസ് ഡെപ്യൂട്ടി ചെയർമാൻ തോമസ് ഉണ്ണിയാടൻ പറഞ്ഞു.

ഭൂനികുതി വർധന പിൻവലിക്കണമെന്നാവശ്യപ്പെട്ട് വേളൂക്കര മണ്ഡലം കമ്മിറ്റി നടത്തിയ ധർണ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഭൂനികുതി കുത്തനെ കൂട്ടിയവർ ആശാവർക്കർമാരെ അവഗണിക്കുകയാണ്.

ഭൂനികുതി വർധിപ്പിച്ച് പാവപ്പെട്ടവരെ ദ്രോഹിക്കുന്നവർ തങ്ങളുടെ ഇഷ്ടക്കാർക്ക് വേണ്ടി ശമ്പളമായും അലവൻസായും വാരിക്കോരി നൽകുകയാണെന്നും ഉണ്ണിയാടൻ പറഞ്ഞു. മണ്ഡലം പ്രസിഡന്റ് ജോൺസൺ തത്തംപിള്ളി അധ്യക്ഷത വഹിച്ചു.

സംസ്ഥാന ജനറൽ സെക്രട്ടറി മിനി മോഹൻദാസ്, നിയോജകമണ്ഡലം പ്രസിഡന്റ് റോക്കി ആളൂക്കാരൻ, ജില്ലാ സെക്രട്ടറി സിജോയ് തോമസ്, ഭാരവാഹികളായ ജോഷി കോക്കാട്ട്, കുരിയപ്പൻ പേങ്ങിപറമ്പിൽ, മാത്യു പട്ടത്തുപറമ്പിൽ, ഫിലിപ്പ് പുല്ലൂക്കര, ബിജു തത്തംപിള്ളി, സാഗർ ജോസഫ് എന്നിവർ പ്രസംഗിച്ചു.

വാർത്താ ചുരുക്കം

* കെ.പി.സി.സി. വിചാർ വിഭാഗ് തൃശൂർ ജില്ലാ കമ്മറ്റി – ഗാന്ധിജിയുടെ ഇന്ത്യ എന്ന വിഷയത്തിൽ പ്രഭാഷണം സംഘടിപ്പിച്ചു.
* തൃശൂർ ഹാർമണി സ്കൂൾ ഓഫ് മ്യൂസിക് ഒരുക്കിയ ഭിന്നശേഷി പ്രതിഭാ കലോത്സവം സാഹിത്യ അക്കാദമി ഹാളിൽ നടന്നു.
* കേരള സ്റ്റേറ്റ് സർവീസ് പെൻഷനേഴ്സ് യൂണിയൻ തൃശൂർ വെസ്റ്റ് ബ്ലോക്ക് സമ്മേളനം അയ്യന്തോൾ പെൻഷൻ ഭവനിൽ നടന്നു.
* ശിവ സേന തൃശൂർ ജില്ലാ പ്രസിഡന്റായി മധുകാരിക്കോട്നെ നിയമിച്ചു

വധശ്രമം പ്രതികളെ വെറുതെ വിട്ടു

തൃശൂർ കുന്നത്തങ്ങാടിയിൽ വെച്ച് യുവാവിനെ വധിക്കാൻ ശ്രമിച്ച കേസിൽ പ്രതികളെ കുറ്റക്കാരല്ല എന്ന് കണ്ട് തൃശ്ശൂർ അതിവേഗ കോടതി ജഡ്ജ് ശ്രീമതി ജയപ്രഭു വിധി പ്രസ്താവിച്ചു.

21.06.2023 രാത്രി 9 മണിക്ക് തൃശ്ശൂർ കുന്നത്തങ്ങാടിയിൽ ഹിൽടോപ്പ് ബാറിന് മുൻവശം വിപിൻ എന്നയാളെ ഇരുമ്പ് പൈപ്പ് കൊണ്ട് തലയ്ക്ക് അടിച്ചു്, കത്തികൊണ്ട് കുത്തിയും കൊലപ്പെടുത്താൻ ശ്രമിച്ച കേസിൽ പ്രതികളായ പ്രിൻസ്@ കുട്ടി പ്രിൻസ്, ജിതിൻ, ലിന്റോ എന്നവരെ കുറ്റക്കാർ അല്ലെന്ന് കണ്ട് തൃശ്ശൂർ അതിവേഗ കോടതി ജഡ്ജ് ജയപ്രഭു വിധി പ്രസ്താവിച്ചു.

അന്തിക്കാട് പോലീസ് ക്രൈം നമ്പർ 740/2023 ആണ് കേസ് ചാർജ് ആക്കിയത്. പ്രതികൾക്കെതിരെയുള്ള കുറ്റങ്ങൾ പ്രോസിക്യൂഷൻ തെളിയിക്കാൻ കഴിയാത്തതിനാലും, പ്രതികളുടെ അഭിഭാഷകരുടെ വാദം അംഗീകരിച്ചും ആണ് വിധി പ്രസ്താവിച്ചത്. പ്രതികൾക്ക് വേണ്ടി അഭിഭാഷകരായ കെ. എൻ. അജയകുമാർ, സിന്ധു അജയകുമാർ, പ്രീതീഷ് ജ വർഗീസ്, സി ടി ജോഫി, മിഥുൽ തോപ്പിൽ വടുക്കര, വി ജയലക്ഷ്മി(ഡെപ്യൂട്ടി ലീഗ ലൈഡ്) എന്നവർ ഹാജരായി

VEHICLE FOR SALE

SHRIRAM FINANCE LTD.

2nd Floor, Arya Tower, Above Union Bank of India
WADAKKANCHERY, THRISSUR-680582
Mob: 9539227120

Vehicle No	Vehicle Description	Year of manufacturing
KL63B 0125	AL DOST STRONG	2013 MODEL

കോടതി പരസ്യം

ബഹു. ആർബിട്രേറ്റർ ഓഫ് ചിറ്റ്സ്/ നോമിനി ഓഫ് രജിസ്ട്രാർ ഉത്തരമേഖല തൃശൂർ മുമ്പാകെ
Dispute No.: 919/2024
വെസ്റ്റാർ ചിറ്റ്സ് (കാഞ്ഞാണി) പ്രൈവറ്റ് ലിമിറ്റഡിനു വേണ്ടി മാനേജിംഗ് ഡയറക്ടർ അലക്സാണ്ടർ
-ഹരജിക്കാരൻ
1) തൃശൂർ താലൂക്ക് പീച്ചി വില്ലേജ് ഒളകര ദേശത്ത് തേക്കിൽ പ്രജീവ് ഭാര്യ സബിത പ്രജീവ്
2) തൃശൂർ താലൂക്ക് പീച്ചി വില്ലേജ് ഒളകര ദേശത്ത് തേക്കിൽ ഗംഗാധരൻ മകൻ പ്രജീവ്
- എതൃകക്ഷികൾ

കുറി മുടക്കു സംഖ്യ വസൂലാക്കി കിട്ടുന്നതിനു വേണ്ടി ബോധിപ്പിച്ച മേൽനമ്പർ കേസ് 21-03-2025 തിയ്യതി വിചാരണക്ക് വെച്ചിട്ടുള്ള താകുന്നു. ടി തിയ്യതിയിൽ പകൽ 11 മണിക്ക് ആർബിട്രേറ്റർ മുമ്പാകെ ഹാജരാകാത്തപക്ഷം താങ്കളെ കൂടാതെ കേസ് തീർപ്പ് കല്പിക്കുന്നതാണെന്നുള്ള വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 03-03-2025
ഹരജി ഭാഗം അഡ്വക്കേറ്റ്
ജോഫി ഫ്രാൻസിസ് (ഒപ്പ്)

കോടതി പരസ്യം

ബഹു. ആർബിട്രേറ്റർ ഓഫ് ചിറ്റ്സ്/ നോമിനി ഓഫ് രജിസ്ട്രാർ ഉത്തരമേഖല തൃശൂർ മുമ്പാകെ
Dispute No.: 921/2024
വെസ്റ്റാർ ചിറ്റ്സ് (കാഞ്ഞാണി) പ്രൈവറ്റ് ലിമിറ്റഡിനു വേണ്ടി മാനേജിംഗ് ഡയറക്ടർ അലക്സാണ്ടർ
-ഹരജിക്കാരൻ
1) ആലത്തൂര് താലൂക്ക് കിഴക്കഞ്ചേരി വില്ലേജ് കണച്ചിപരുത ദേശത്ത് നെടുംപാറ ഉമ്മൻ മകൻ ജോസ് ഉമ്മൻ
2) തൃശൂർ താലൂക്ക് പീച്ചി വില്ലേജ് ഒളകര ദേശത്ത് തേക്കിൽ ഗംഗാധരൻ മകൻ പ്രജീവ്
3) ടിയിൽ താമസം തേക്കിൽ പ്രജീവ്ഭാര്യ സബിത ഗോപാൽ
- എതൃകക്ഷികൾ

കുറി മുടക്കു സംഖ്യ വസൂലാക്കി കിട്ടുന്നതിനു വേണ്ടി ബോധിപ്പിച്ച മേൽനമ്പർ കേസ് 21-03-2025 തിയ്യതി വിചാരണക്ക് വെച്ചിട്ടുള്ള താകുന്നു. ടി തിയ്യതിയിൽ പകൽ 11 മണിക്ക് ആർബിട്രേറ്റർ മുമ്പാകെ ഹാജരാകാത്തപക്ഷം താങ്കളെ കൂടാതെ കേസ് തീർപ്പ് കല്പിക്കുന്നതാണെന്നുള്ള വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 03-03-2025
ഹരജി ഭാഗം അഡ്വക്കേറ്റ്
ജോഫി ഫ്രാൻസിസ് (ഒപ്പ്)

കോടതി പരസ്യം

ബഹു. ആർബിട്രേറ്റർ ഓഫ് ചിറ്റ്സ്/ നോമിനി ഓഫ് രജിസ്ട്രാർ ഉത്തരമേഖല തൃശൂർ മുമ്പാകെ
Dispute No.: 923/2024
വെസ്റ്റാർ ചിറ്റ്സ് (കാഞ്ഞാണി) പ്രൈവറ്റ് ലിമിറ്റഡിനു വേണ്ടി മാനേജിംഗ് ഡയറക്ടർ അലക്സാണ്ടർ
-ഹരജിക്കാരൻ
1) തൃശൂർ താലൂക്ക് പീച്ചി വില്ലേജ് ഒളക